ഒത്തുകളി: മൂന്നുപേർകൂടി അറസ്റ്റിൽ

കളിക്കാർക്കെതിരെ രാജ്യദ്രോഹ കുറ്റം ചുമത്തി ഗൂഢാലോചന നടന്നുവെന്ന് പാകിസ്ഥാന് സംശയം

ലണ്ടൻ : ഒത്തുകളി വിവാദവുമായി ബന്ധപ്പെട്ട് മൂന്നുപേരെക്കൂടി സ്കോട്ലൻഡ് യാർഡ് അറസ്റ്റ് ചെയ്തു. രണ്ട് പുരുഷൻമാരെയും ഒരു സ്ത്രീയെയുമാണ് അറസ്റ്റ് ചെയ്തത്. നേരത്തേ പിടിയിലായ ഇടനിലക്കാരൻ മസ്ഹർ മജീദിന്റെ മൊഴിയുടെ അടിസ്ഥാനത്തിലായിരുന്നു അറസ്റ്റ്.

അതിനിടെ, ഒത്തുകളിയിൽ ബന്ധപ്പെട്ടുവെന്ന് ആരോപിക്കപ്പെടുന്ന പാകിസ്ഥാൻ താരങ്ങളെ വീണ്ടും ചോദ്യം ചെയ്യുന്നതിനായി ലണ്ടനിലേക്ക് വിളിപ്പിച്ചു.

സോമർസെറ്റിൽ പരിശീലനം നടത്തിയിരുന്ന ക്യാപ്റ്റൻ സൽമാൻ ബട്ട്, മുഹമ്മദ് ആമിർ, മുഹമ്മദ് ആസിഫ് എന്നിവരെയാണ് ലണ്ടനിലേക്ക് വിളിപ്പിച്ചത്.

ഇവർ ടൻറി 20, ഏകദിന പരമ്പരയിൽ കളിച്ചേക്കില്ലെന്നാണ് സൂചന. ഇംഗ്ലണ്ട് താരങ്ങൾ കുറ്റാരോപിതർക്കെതിരെ കളിക്കാനാവില്ല നിലപാട് ആവർത്തിച്ചതിനെ തുടർന്നാണിത്.

ഒത്തുകളി വിവാദത്തിലേർപ്പെട്ട പാകിസ്ഥാൻ താരങ്ങൾക്കെതിരെ ലാഹോർ ഹൈക്കോടതി രാജ്യദ്രോഹക്കുറ്റം ചുമത്തി.

പാക് താരങ്ങളുടെ പോസ്റ്ററുകൾ കത്തിക്കുന്ന ആരാധകർ

താരങ്ങൾക്കൊപ്പം പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ചെയമാൻ ഇജാസ് ബട്ട്, സ്പോർട്സ് മന്ത്രി ഇജാസ് ജഖരാനി എന്നിവർ സെപ്റ്റംബർ ഏഴിന് കോടതിയിൽ നിർബന്ധമായി ഹാജരാവണമെന്നും ഉത്തരവിട്ടു.

എന്നാൽ ,വ്യക്തമായ തെളിവ് ലഭിക്കാതെ വാതുവെപ്പ് കേസിൽ ഉൾപ്പെടുന്ന തങ്ങളുടെ താരങ്ങൾക്കെതിരെ നടപടിയെടുക്കാനാവില്ലെന്ന് പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡ് ആവർത്തിച്ചു.

സംഭവത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന് പാകിസ്ഥാൻ ആഭ്യന്തര മന്ത്രി റഹ്മാൻ മാലിക്ക് സംശയം പ്രകടിപ്പിക്കുകയും ചെയ്തു.

ഐപിഎൽ സുതാര്യം: വിജയ് മല്യ

ന്യൂഡൽഹി: ഇന്ത്യൻ പ്രിമിയർ ലീഗിൽ അഴിമതിയോ ഒത്തുകളിയോ നടന്നിട്ടില്ലെന്ന് ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സ് ഉടമ വിജയ് മല്യ. പാകിസ്ഥാൻ താരങ്ങൾ കോഴവിവാദത്തിൽപ്പെട്ട സാഹചര്യത്തിൽ സംസാരിക്കുകയായിരുന്നു മല്യ. " ഐപിഎല്ലിൽ ഒത്തുകളിയോ അഴിമതിയോ നടന്നിട്ടില്ലെന്ന് എനിക്ക് ഉറപ്പിച്ച് പറയാനാവും. കാരണം കഴിഞ്ഞ മൂന്നു സീസണുകളിലും എന്റെ ടീം ഐപിഎല്ലിൽ ഉണ്ടായിരുന്നു. താരലേലത്തിലോ മറ്റെന്തെങ്കിലുമോ ക്രമക്കേട് നടന്നിട്ടില്ല. ഒത്തുകളിയുടെ സൂചനപോലും ഉണ്ടായിട്ടില്ല. ഐപിഎല്ലിലെ എല്ലാ നടപടികളും സുതാര്യമായിരുന്നു. ഐപിഎല്ലിന്റെ ഇതുവരെയുള്ള നടത്തിപ്പിൽ ഞാൻ പൂർണതൃപ്തനാണ്" മല്യ പറഞ്ഞു.

ബാഗ്ദാറ്റിസ് പുറത്ത്

ഷറപ്പോവയും യാങ്കോവിച്ചും രണ്ടാം റൗണ്ടിൽ

ഷറപ്പോവ

ന്യൂയോർക്ക്: മുൻ ഓസ്ട്രേലിയൻ ഓപ്പൺ ഫൈനലിസ്റ്റ് മാർകോസ് ബാഗ്ദാറ്റിസ് യു എസ് ഓപ്പണിന്റെ ഒന്നാംറൗണ്ടിൽ തന്നെ പുറത്തായി. ഫ്രാൻസിന്റെ ആർനോട് ക്ലെമൻറാണ് ബാഗ്ദാറ്റിസിനെ അട്ടിമറിച്ചത്. വനിതകളിൽ മരിയ ഷറപ്പോവ, യെലേന യാങ്കോവിച്ച്, വേര സ്വനരേവ എന്നിവർ രണ്ടാം റൗണ്ടിൽ കടന്നു.

മൂന്നു മണിക്കൂറും 27 മിനിട്ടും നീണ്ടുനിന്ന പോരാട്ടത്തിൽ 6–3, 2–6, 1–6, 6–4, 7–5 എന്ന സ്കോറിനായിരുന്നു ക്ലെമൻറിന്റെ വിജയം. ഫെർണാണ്ടോ വെർഡസ്കോ 1–6 7–5 6–1 4–6 6–3ന് ഫാബിയോ ഫോഗ്നിനിയെ തോൽപിച്ചു.

ആദ്യ സെറ്റ് നഷ്ടപ്പെട്ട ശേഷമായിരുന്നു ഷറപ്പോവയുടെ വിജയം. ഷറപ്പോവ 4–6 6–3 6–1ന് ജാമില ഗ്രോത്തിനെ തോൽപിച്ചു. സ്വനരേവ അനായാസമാണ് രണ്ടാം റൗണ്ടിലെത്തിയത്. സൂസാന കുഗോവയ്ക്കെതിരെ 6–2,6–1നായിരുന്നു സ്വനരേവയുടെ ജയം.മുൻലോക ഒന്നാം നമ്പർതാരമായ യാങ്കോവിച് 6–4, 4–6, 7–5 ന് സിമോന ഹാലപിനെയാണ് പരാജയപ്പെടുത്തിയത്.

റോബീഞ്ഞോ മിലാനിൽ

റോം: ബ്രസീലിയൻ താരം റോബീഞ്ഞോയെ ഇറ്റാലിയൻ ക്ലബായ എ സി മിലാൻ സ്വന്തമാക്കി. മാഞ്ചസ്റ്റർ സിറ്റിയിൽ നിന്ന് 15 ദശലക്ഷം യൂറോയ്ക്കാണ് റോബീഞ്ഞോ മിലാനിൽ എത്തുന്നത്. നാലുവർഷത്തേക്കാണ് കരാർ .

26 കാരനായ റോബീഞ്ഞോ ഇക്കഴിഞ്ഞ സീസണിൽ ലോൺ അടിസ്ഥാനത്തിൽ ബ്രസീലിയൻ ക്ലബായ സാന്റോസിലാണ് കളിച്ചിരുന്നത്. റയൽ മാഡ്രിഡിൽ നിന്നാണ് റോബീഞ്ഞോ മാഞ്ചസ്റ്റർ സിറ്റിയിൽ എത്തിയത്.

റാഥോർ ഗെയിംസ് ടീമിലുണ്ടാവില്ല

ന്യൂഡൽഹി: കോമൺവെൽത്ത് ഗെയിംസിനുളള ഷൂട്ടിംഗ് ടീമിലേക്ക് ഒളിംപിക് വെള്ളി മെഡൽ ജേതാവായ രാജ്യവർധൻ സിംഗ് റാഥോറിനെ പരിഗണിക്കില്ല. സെലക്ഷൻ ട്രയൽസിൽ പങ്കെടുക്കാതിരുന്നതിനാലാണ് റാഥോറിനെ ഒഴിവാക്കുന്നത്. അഭിനവ് ബിന്ദ്ര, ഗഗൻ നാരംഗ് തുടങ്ങിയവർ പുനെയിൽ നടന്ന ട്രയൽസിൽ പങ്കെടുത്തിരുന്നു. ഏഥൻസ് ഒളിംപിക്സിൽ ഡബിൾ ട്രാപ് ഇനത്തിലാണ് റാഥോർ വെളളിനേടിയത്.

പീറ്റേഴ്സനെ പുറത്താക്കി



ലണ്ടൻ : പാകിസ്ഥാനെതിരെയുളള ടൻറി 20– ഏകദിന മത്സരങ്ങൾക്കുള്ള ഇംഗ്ലണ്ട് ടീമിൽ നിന്ന് കെവിൻ പീറ്റേഴ്സനെ ഒഴിവാക്കി. മോശം ഫോമിനെ തുടർന്നാണ് പീറ്റേഴ്സനെ ടീമിൽ നിന്ന് ഒഴിവാക്കിയത്. 30കാരനായ പീറ്റേഴ്സൻ ആദ്യമായാണ് ടീമിൽനിന്ന് പുറത്താവുന്നത്. ടീം പ്രഖ്യാപിക്കുന്നതിന് മുൻപ് തന്നെ പീറ്റേഴ്സൻ ഇക്കാര്യം ടിറ്ററിലൂടെ ലോകത്തെ അറിയിച്ചിരുന്നു. ഇതിനെതിരെ നടപടിയുണ്ടാവുമെന്നാണ് സൂചന.

അസമോവ ഗ്യാൻ സണ്ടർലാൻഡിൽ

ലണ്ടൻ : ഘാനൻ സ്ട്രൈക്കർ അസമോവ ഗ്യാനിനെ ഇംഗ്ലീഷ് പ്രിമിയർ ലീഗ് ടീമായ സണ്ടർലാൻഡ് സ്വന്തമാക്കി. റെന്നസ് താരമായ ഗ്യാനിന് 13ദശലക്ഷം യൂറോയാണ് പ്രതിഫലമായി ലഭിക്കുക. നാലുവർഷത്തേക്കാണ് കരാർ .ഇക്കഴിഞ്ഞ ലോകകപ്പിൽ ഘാനയുടെ സൂപ്പർതാരമായിരുന്നു ഗ്യാൻ.

കോഴക്കളി: അന്വേഷണത്തിനായി ഐ.സി.സി ഉദ്യോഗസ്ഥൻ പാകിസ്ഥാനിൽ

ആസിഫിന്റെ മുൻകാമുകി വീണമാലിക്കിൽ നിന്ന് വിവരങ്ങൾ ശേഖരിക്കും

കറാച്ചി: പാക് താരങ്ങൾ ഉൾപ്പെട്ട കോഴക്കേസിന്റെ കൂടുതൽ അന്വേഷണത്തിനായി അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ (ഐ.സി.സി) ആന്റി കറപ്ഷൻ ആന്റ് സെക്യൂരിറ്റി യൂണിറ്റിലെ ഉന്നത ഉദ്യോഗസ്ഥൻ പാകിസ്ഥാനിൽ എത്തിയതായി റിപ്പോർട്ട്. ഉദ്യോഗസ്ഥനായ റീസ ഹസൻ പാകിസ്ഥാനിൽ എത്തി ഫെഡറൽ ഇൻവെസ്റ്റിഗേഷൻ അധികൃതരെ സന്ദർശിച്ചതായും പാക് ടി.വി ചാനൽ റിപ്പോർട്ട് ചെയ്തു. ആരോപണവിധേയനായ പാക് ഫാസ്റ്റ് ബൗളർ മുഹമ്മദ് ആസിഫിന്റെ മുൻ കാമുകിയായ വീണ മാലിക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ശേഖരിക്കുകയാണ് ലക്ഷ്യം.

ആസിഫും ഒരു ഇന്ത്യ�ൻ വാരുവയ്പുകാരനും തമ്മിലുള്ള ബന്ധത്തിന്റെ തെളിവുകൾ തന്റെ കൈവശം ഉണ്ടെന്ന് ഒരു ടെലിവിഷൻ അഭിമുഖത്തിൽ വീണമാലിക്ക് വെളിപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്നാണ് വീണയിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാൻ ഐ.സി.സി.ഉദ്യോഗസ്ഥൻ എത്തിയതെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

കെയ്ൻസ് ഇപ്പോൾ രത്ന വ്യാപാരി

ദുബായ്: ക്രിസ് കെയ്ൻസിനെ ഓർമയില്ലേ? ന്യൂസിലൻഡ് ടീമിലെ ഓൾ റൗണ്ടർ. ഏത് അപകടസന്ധിയിൽ നിന്നും ടീമിനെ കരകയറ്റാൻ ശേഷിയുള്ള ചുരുക്കം ചില കളിക്കാരിലൊരാൾ.

കുറച്ചുകാലമായി കെയ്ൻസിനെക്കുറിച്ച് ഒന്നും കേൾക്കാനേ ഇല്ലായിരുന്നല്ലോ? ഇപ്പോൾ ഇതാ കെയ്ൻസിനെ കണ്ടെത്തിയിരിക്കുന്നു.

പണിയെന്താണെന്നറിയേണ്ടേ? രത്നവ്യാപാരം! ജോലി ചെയ്യുന്നത് ദുബായിലും!! സ്പോർട്സുമായി ഒരു ബന്ധവുമില്ലാത്ത പണിയിൽ കെയ്ൻസിനെ കൊണ്ടെത്തിച്ചതിനു പിന്നിൽ ഒരു ഇന്ത്യക്കാരനുണ്ട്.

ഇന്ത്യൻ ക്രിക്കറ്റിൽ കോഴയുടെ പര്യായമായി നിൽക്കുന്ന സാക്ഷാൽ ലളിത് മോഡി.

ന്യൂസിലൻഡ് ടീമിൽ നിന്നു വിരമിച്ച ശേഷം കെയ്ൻസ് ചേർന്നത് ഇന്ത്യൻ ക്രിക്കറ്റ് ലീഗി (ഐസിഎൽ) ലായിരുന്നു.

പക്ഷേ, ഐപിഎൽ കാരുടെ തന്ത്രങ്ങളിൽ കുരുങ്ങി ലീഗിന് ഔദ്യോഗിക അംഗീകാരം കിട്ടാതെ പോയി.

ഇതോടെ കെയ്ൻസിന്റെ ജീവിതം അവതാളത്തിലായി. ജീവിക്കാൻ വരുമാനമില്ലാത്ത അവസ്ഥയായി.

അങ്ങനെയിരിക്കെയാണ് സുഹൃത്തുവഴി ദുബായിൽ ഒരു ആഗോള രത്നവ്യാപാര സ്ഥാപനത്തിൽ തൊഴിൽ കിട്ടിയത്.

ഹൈസ്കൂളിനു ശേഷം പുസ്തകം കൈകൊണ്ടു തൊട്ടിട്ടില്ലാത്ത കെയ്ൻസ് തായ്ലൻഡിലെ ജെമോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പോയി രത്നങ്ങളെക്കുറിച്ചു പഠിച്ചു. ഇപ്പോൾ രത്നങ്ങൾ വിറ്റ് ജീവിക്കുന്നു. കൂട്ടിന് മൂന്നാം ഭാര്യ മെൽക്രോസറുമുണ്ട്.

അത്‌ലറ്റിക്സ് ടീമിൽ 22 മലയാളികൾ

ന്യൂഡൽഹി: 22 മലയാളി താരങ്ങളെ ഉൾപ്പെടുത്തി കോമൺവെൽത്ത് ഗെയിംസിനുള്ള 90 അംഗ ഇന്ത്യൻ അത്‌ലറ്റിക് ടീമിനെ പ്രഖ്യാപിച്ചു. 46 പുരുഷന്മാരും 44 വനിതകളുമാണ് ടീമിലുള്ളത്. പന്ത്രണ്ട് പുരുഷൻമാരും പത്ത് വനിതകളുമാണ് കേരളത്തിൽ നിന്ന് ടീമിലടം നേടിയത്. ഒക്ടോബർ മൂന്നു മുതൽ 14 വെര ന്യൂഡൽഹിയിലാണ് കോമൺവെൽത്ത് ഗെയിംസ് നടക്കുക.

കഴിഞ്ഞ ഏപ്രിൽ മുതൽ പട്യാലയിൽ ഇക്കഴിഞ്ഞ അന്തർസംസ്ഥാന അത്‌ലറ്റിക്സ് വരെയുള്ള പ്രകടനം വിലയിരുത്തിയാണ് ടീമിനെ തിരഞ്ഞെടുത്തിട്ടുള്ളത്. വനിതാ പോൾവോൾട്ടിൽ ഒഴികെ എല്ലായിനങ്ങളിലും ഇന്ത്യ മത്സരിക്കുന്നുണ്ട്. നടത്ത മത്സരത്തിനുള്ള ടീമിനെയും പ്രഖ്യാപിച്ചിട്ടില്ല. അബ്ദുൾ നജീബ് ഖുറേഷി , ഷമീർമോൻ , കുഞ്ഞിമുഹമ്മദ്, വി ബി ബിനീഷ്, ജിതിൻ പോൾ ,ബി ബിൻ മാത്യു , ഹംസ ചാത്തോലി, ജോസഫ് എബ്രഹാം , എം ഹരികൃഷ്ണൻ , രഞ്ജിത് മഹേശ്വരി , നിഖിൽ ചിത്തരശ് ,പി ജെ വിനോദ് (ഡെക്കാത്‌ലൺ) എന്നിവരാണ് പുരുഷ ടീമിൽ ഇടം നേടിയതാരങ്ങൾ.

പി കെ പ്രിയ , സിനി ജോസ്, ടിയാന മേരി തോമസ്, ചിത്ര കെ സോമൻ ,ടിൻറു ലൂക്ക , സിനിമോൾ പൗലോസ് , ഒ പി ജെയ്ഷ , പ്രീജു ശ്രീധരൻ ,മയൂഖ ജോണി, എം എ പ്രജുഷ, രശ്മി ബോസ് എന്നിവർ വനിതാ ടീമിലും ഇടംകണ്ടെത്തി.

വിദേശം

പാക്പൗരന്മാർ നരകിച്ചാലും ഇന്ത്യയെ പാഠം പഠിപ്പിക്കണം!

എ. സജീവൻ

വെള്ളപ്പൊക്കത്തിൽ പാകിസ്ഥാനിൽ പതിനായിരങ്ങൾ മുങ്ങിമരിച്ചാലും ലക്ഷങ്ങൾ നരകിച്ചു ജീവിച്ചാലും ഇന്ത്യയെന്ന ശത്രുവിന്റെ സഹായം സ്വീകരിക്കാനേ പാടില്ല എന്നാണ് മനസ്സു നിറയെ വർഗ്ഗീയതയും ശത്രുതയും പുലർത്തുന്ന ഈ കൂട്ടരുടെ നിലപാട്.



ദുരന്തങ്ങൾക്കു മുന്നിൽ ശത്രുവും ശത്രുതയുമില്ലെന്നാണ് വിവരമുള്ളവർ പറയുക. എല്ലാം മറന്ന് സഹായിക്കുകയും സഹായം സ്വീകരിക്കുകയും ചെയ്യേണ്ട അവസരമാണത്. എന്നാൽ പാകിസ്ഥാനിലെ, പാമ്പിനേക്കാൾ പകയുള്ള പലർക്കും മനുഷ്യസഹജമായ ഈ മനോഭാവം സ്വീകാര്യമല്ല.

വെള്ളപ്പൊക്കത്തിൽ പാകിസ്ഥാനിൽ പതിനായിരങ്ങൾ മുങ്ങിമരിച്ചാലും ലക്ഷങ്ങൾ നരകിച്ചു ജീവിച്ചാലും ഇന്ത്യയെന്ന ശത്രുവിന്റെ സഹായം സ്വീകരിക്കാനേ പാടില്ല എന്നാണ് മനസ്സു നിറയെ വർഗ്ഗീയതയും ശത്രുതയും പുലർത്തുന്ന ഈ കൂട്ടരുടെ നിലപാട്.

ലോകത്തിൽ അടുത്തകാലത്തുണ്ടായിട്ടില്ലാത്ത കൊടിയ മഴക്കെടുതിയിലാണ് പാകിസ്ഥാൻ. കഴിഞ്ഞ ആഗസ്റ്റ് 18 നുണ്ടായ വെള്ളപ്പൊക്കകെടുതി 16000 പേരുടെ ജീവനാണ് കവർന്നെടുത്തത്. ദുരിതബാധിതരുടെ എണ്ണം 17.2 ദശലക്ഷം വരും. ഇത് ഐക്യരാഷ്ട്രസഭ പുറത്തുവിട്ട കണക്കാണ്. മരിച്ചവരുടെയും നരകിക്കുന്നവരുടെയും യഥാർത്ഥ കണക്ക് അതിലുമെത്രയോ ഇരട്ടിയുണ്ടാകുമെന്നാണ് പാക്പത്രങ്ങളുൾപ്പെടെ അഭിപ്രായപ്പെടുന്നത്.

കഴിഞ്ഞ 80 വർഷത്തിനുള്ളിൽ ഉണ്ടായ ഏറ്റവും വലിയ വെള്ളപ്പൊക്കെടുതിയാണിത്. ആ ദുരന്തത്തിന്റെ ഭീകരതയിൽ നിന്നും ദുരിതത്തിൽനിന്നും ജനങ്ങൾ ഇപ്പോഴും മോചിതരായിട്ടില്ല. മാത്രവുമല്ല, അതിഭീകരമായ രീതിയിൽ മാരക പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുമെന്ന് ഭയക്കുന്നതായി റെഡ്ക്രോസ് പറയുന്നു.

പാകിസ്ഥാനെപ്പോലൊരു രാജ്യത്തിന് സ്വന്തം നിലയിൽ ഇത്രയുമൊരു വരസ്ഥയിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാൻ കഴിയില്ല.

അപ്പോൾ അവർ എന്താണു ചെയ്യേണ്ടത്? ചോദിക്കാതെ കിട്ടുന്നത് രണ്ടുകയ്യും നീട്ടി സ്വീകരിക്കണം. അത് തരുന്നവൻ പണ്ട് മുഖത്തുനോക്കി കൊഞ്ഞനം കുത്തിയിരുന്നോ കണ്ടിട്ടും കാണാത്തമട്ടിൽ മുഖം തിരിച്ചിരുന്നോ എന്നൊന്നും നോക്കില്ല. കാരണം, ദുരന്തങ്ങൾക്കു മുന്നിൽ ശത്രുവും ശത്രുതയുമില്ല.

ഇനി ഇത്തരമൊരു ഘട്ടത്തിൽ എന്തൊക്കെ സംഭവിച്ചു എന്നു നോക്കാം. ദുരന്തമുണ്ടായതിന്റെ പിറ്റേന്ന് ഇന്ത്യൻ പ്രധാനമന്ത്രി മൻമോഹൻസിംഗ് പാക്പ്രധാനമന്ത്രി യൂസഫ് റാസാ ഗിലാനിയെ ടെലിഫോണിൽ വിളിച്ച് തന്റെ രാജ്യത്തിന്റെ ദു:ഖം അറിയിക്കുന്നു. ദുരിതബാധിതരെ സഹായിക്കാൻ ഇന്ത്യ ഒരുക്കമാണെന്നും അടിയന്തിരസഹായമായി അഞ്ചു ദശലക്ഷം അമേരിക്കൻ ഡോളർ നൽകാൻ ഒരുക്കമാണെന്നും അറിയിക്കുന്നു. (പിന്നീട് 20 ദശലക്ഷം ഡോളർ കൂടി സഹായധനം നൽകാൻ ഇന്ത്യ തീരുമാനിച്ചു.)

പാക് പ്രധാനമന്ത്രി അയൽരാജ്യത്തിന്റെ സഹായസന്നദ്ധത വേണ്ടെന്നു പറഞ്ഞതായി റിപ്പോർട്ടുണ്ടായിരുന്നില്ല. അതിനർത്ഥം സ്വീകരിക്കാൻ തയ്യാറായെന്നു തന്നെ. പക്ഷേ, ഏറെ വൈകാതെ പാക്വിദേശകാര്യവകുപ്പ് വക്താവിന്റെ പ്രതികരണം ഉണ്ടായി. ഇന്ത്യയുടെ സഹായം സ്വീകരിക്കാൻ പാകിസ്ഥാൻ ഒരുക്കമല്ല. കാരണമെന്താണെന്നൊന്നും പറഞ്ഞില്ല. ഊഹിക്കാവുന്ന കാരണം, അത് ശത്രുനൽകുന്ന പണമാണെന്നതു തന്നെ. ഇന്ത്യയോട് വേണ്ടെന്നു പറഞ്ഞാലും അമേരിക്കയു മുന്നിൽ പാകിസ്ഥാന് മുട്ടുവിറയ്ക്കുമല്ലോ. സഹായവാഗ്ദാനം വേണ്ടെന്നു പറഞ്ഞ പാകിസ്ഥാന്റെ നിലപാടിനെതിരെ അമേരിക്ക മീശ പിരിച്ചപ്പോൾ അവർക്ക് മുട്ടിടിക്കുകതന്നെ ചെയ്തു. അതോടെ, പാക് വിദേശകാര്യമന്ത്രി പുതിയ പ്രസ്താവനയുമായി രംഗത്തെത്തി. "ഇന്ത്യയുടെ സഹായം സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ആരു പറഞ്ഞു തയ്യാറല്ലെന്ന്?"

പക്ഷേ, ആ പറഞ്ഞതിന്റെ ചൂടുതീരും മുമ്പ് വീണ്ടും വന്നു വിദേശകാര്യവകുപ്പിന്റെ തിരുത്ത്! "ഇന്ത്യ നൽകുന്ന പണം വേണ്ടെന്ന് ആരും പറഞ്ഞിട്ടില്ല. എന്നാൽ, അത് നേരിട്ട് തരണ്ട. പാകിസ്ഥാനുള്ള സഹായധനം ഇന്ത്യ ഐക്യരാഷ്ട്രസഭയ്ക്ക് കൊടുക്കട്ടെ. ഞങ്ങൾ അവരിൽ നിന്നു വാങ്ങിക്കൊള്ളാം." ശത്രുവിന്റെ കൈയിൽ നിന്ന് പണം നേരിട്ടുവാങ്ങില്ലെന്നർത്ഥം. ഇന്ത്യയിൽ നിന്ന് കടം വാങ്ങിയില്ലേയെന്ന് പിന്നീട് ആരെങ്കിലും ചോദിച്ചാൽ, ഏയ്...., ആര്, എന്ത്, എങ്ങനെയെന്നെല്ലാം തിരിച്ചുചോദിക്കാൻ പഴുതുവേണമല്ലോ. അവിടെയും തീർന്നില്ല, ശത്രുവിനോടുള്ള പക! പാകിസ്ഥാനിൽ ഏറെ പ്രചാരമുള്ള പത്രങ്ങളിലൊന്നായ നവാ ഇ വക്ത് കഴിഞ്ഞ ദിവസം ഒരു എഡിറ്റോറിയൽ എഴുതി. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

'ഇന്ത്യയിൽ നിന്നുള്ള സഹായം പാകിസ്ഥാൻ നേരിട്ടു സ്വീകരിക്കരുതെന്നു മാത്രമല്ല, ഐക്യരാഷ്ട്രസഭയിലൂടെപ്പോലും സ്വീകരിക്കരുത്. കാരണം, ഇന്ത്യക്കാർ പാകിസ്ഥാന് അവകാശപ്പെട്ട കാശ്മീരിൽ അവിടത്തെ ജനതയെ ഭീകരമാംവിധം പീഡിപ്പിന്നവരാണ്. കാശ്മീർ ജനതക്ക് തങ്ങളുടെ ഭാവി സ്വയം തീരുമാനിക്കാനുള്ള അവസരം നൽകുംവരെ ഇന്ത്യയുമായി കൂട്ടും ലോഹ്യവും വേണ്ട.'

പാകിസ്ഥാനിൽ ചിലരുടെ മനസ്സിൽ ഇന്ത്യാ വിരുദ്ധ മനോഭാവം എത്രമാത്രം രൂക്ഷമാണെന്നതിന് ഉദാഹരണം വേറെ വേണ്ടല്ലോ.

മാധ്യമങ്ങൾ മനുഷ്യരിൽ മാനുഷികതയുണ്ടാക്കാൻ പ്രവർത്തിക്കണമെന്നാണ് വിശ്വാസം.

ഇവിടെ പഴയ അമ്മായിഅമ്മയുടെ മനോഭാവമാണ്. മകൻ ചത്താലും മരുമകളുടെ കണ്ണീരുകാണണമെന്ന മനോഭാവമുണ്ടല്ലോ. അതുതന്നെ. പാകിസ്ഥാനിൽ പതിനായിരങ്ങൾ മരിക്കുകയും ലക്ഷങ്ങൾ നരകിക്കുകയും ചെയ്താലും സഹായം വാങ്ങാതെ ഇന്ത്യയെ കൊച്ചാക്കണം!! ശത്രുത മനുഷ്യനെ അന്ധരാക്കിയാൽ ദൈവത്തിനുപോലും രക്ഷിക്കാനാവില്ലല്ലോ.

ഇറാക്കിലെ യു. എസ്. സൈനിക നടപടിക്ക് അറുതി

ബാഗ്ദാദ്: ഇറാക്കിലെ സൈനിക നടപടികൾ യുഎസ് സൈന്യം അവസാനിപ്പിച്ചു. യുഎസ് പ്രസിഡൻറ് ബരാക് ഒബാമയാണ് പോരാട്ടം അവസാനിപ്പിച്ച കാര്യം പ്രഖ്യാപിച്ചു. 2003ൽ പ്രസിഡൻറ് ജോർജ് ബുഷ് ഇറാക്കിൽ തുടങ്ങിവച്ച പോരാട്ടം ഇതോടെ അവസാനിച്ചു. യുഎസും ഇറാക്കും ചേർന്നുണ്ടാക്കിയ സേനാ പിന്മാറ്റ കരാറിന്റെ അടിസ്ഥാനത്തിലാണ് നടപടികൾ അവസാനിപ്പിച്ചത്. ഏഴു വർഷം നീണ്ട ഇറാക്ക് യുദ്ധത്തിൽ 4,400 യുഎസ് സൈനികർ കൊല്ലപ്പെട്ടു.

സുഡാനിൽ വെള്ളപ്പൊക്കം: 60,000 പേർ ഭവനരഹിതരായി

ജുബാ: സുഡാനിൽ പേമാരിയെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ 60,000 പേർക്ക് വീട് ഇല്ലാതായി. രാജ്യം പകർച്ച വ്യാധികളുടെ പിടിയിലാണ്. രാജ്യത്തിന്റെ തെക്കൻ മേഖലയെയാണ്ടവള്ളപ്പൊക്കം ഏറ്റവും അധികം ബാധിച്ചത്. ഇവിടെ നിന്ന് നിരവധി ആളുകളെ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. എന്നാൽ കനത്ത മഴ ഒക്ടോബർ വരെ തുടരുമെന്നാണ് കാലാവസ്ഥാ റിപ്പോർട്ടുകൾ. ഇത് സ്ഥിതി കൂടുതൽ ഗുരുതരമാക്കുമെന്നാണ് റിപ്പോർട്ട്.

ഇറാന്റെ അധിക്ഷേപം പ്രതിഷേധാർഹം:ഫ്രാൻസ്

പാരീസ്: ഫ്രാൻസിന്റെ പ്രഥമ വനിത കാർല ബ്രൂണിയെ "വ്യഭിചാരിണി'യെന്ന് വിളിച്ച് അധിക്ഷേപിച്ച ഇറാനിയൻ ദേശീയ പത്രത്തിന്റെ നടപടി പ്രതിഷേധാർഹവും അംഗീകരിക്കാൻ കഴിയാത്തതുമാണെന്ന് ഫ്രാൻസ്. ഇറാനിൽ സാക്കിനെ മൊഹമ്മദി അഷ്തിയാനി എന്ന 43കാരിയെ കല്ലെറിഞ്ഞ് കൊല്ലാനുള്ള വിധിയെ വിമർശിച്ചതിന്റെ പേരിലായിരുന്നു സർക്കാർ നിയന്ത്രണത്തിലുള്ള പത്രം ബ്രൂണിയ്ക്കെതിരെ ഹീനമായ പദപ്രയോഗവുമായി രംഗത്തെത്തിയത്.